# Deepika

## 25 August 2018

## Kochi; Flood, Disaster Management



പറവൂർ ഗവ. ബോയിസ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ സിനിമാക്കൂട്ടം ഒരുക്കിയ ഓണസദ്യ വിളമ്പുന്ന ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ളയുടെ ഭാര്യ അസിയ ജാസ്മിൻ.

### ഭക്ഷണമെത്തിക്കാൻ കളക്ടർ; വിളമ്പിക്കൊടുക്കാൻ ഭാര്യ

**കൊച്ചി:** ജില്ലയിൽ പ്രളയ ദുരന്തത്തിനിരയായവർക്കു ഭക്ഷണവും മറ്റു സഹായങ്ങളുമെത്തിച്ചു കളക്ടർ മുഹമ്മദ് സഫീറുള്ള ആശ്വാസത്തിന്റെ തുരുത്തുകൾ തീർക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അസിയ യാസ്മിൻ ദുരിതാശ്വാസക്യാമ്പുകളിൽ സ്നേഹസ്പർശമായി. പ്രളയം കൂടുതൽ നാശം വിതച്ച പറവൂർ മേഖലയിലെ വിവിധ ക്യാമ്പുകൾ സന്ദർശിച്ച അസിയ ദുരിതബാധിതർക്കൊപ്പം ഏറെനേരം ചെലവഴിച്ചു.

പറവൂർ ബോയിസ് ഹൈസ്കൂളിലെ ആയിരത്തോളം വരുന്ന ദുരിതബാധിതരെ കാണാനാണ് അസിയ യാസ്മിൻ ആദ്യമെത്തിയത്. സിനിമാക്കൂട്ടം ഇവിടെ ഒരുക്കിയ ഓണസദ്യ വിളമ്പിക്കൊടുത്ത അവർ വീട്ടുകാരിയായുടെ റോളും ഏറ്റെടുത്തു. കുട്ടികൾക്കൊപ്പം കളിയിലും ചിരിയിലും പങ്കുചേർന്നു. ക്യാമ്പിലുള്ളവരുടെ ആവലാതികൾ ചോദിച്ചറിഞ്ഞു. സ്വാന്തനവാക്കുകൾ പറഞ്ഞ് അവരെ ആശ്വസിപ്പിച്ച അസിയ ആത്മവിശ്വാസം കൂടി പകർന്നാണു ക്യാമ്പുകളിൽനിന്നു മടങ്ങിയത്.

### 'അനധികൃത മെഡിക്കൽ ക്യാമ്പുകൾ നടത്തരുത്'

**കൊച്ചി:** പ്രളയദുരന്ത ബാധിത മേഖലകളിൽ അനധികൃതമായി മെഡിക്കൽ ക്യാമ്പുകൾ നടത്തരുതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പത്രക്കുറിപ്പിൽ അറിയിച്ചു.

ജില്ലയിലെ പലയിടങ്ങളിലും വിവിധ സംഘടനകളും സ്ഥാപനങ്ങളും ഇത്തരത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രഷർ, പ്രമേഹം, കാൻസർ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ആരോഗ്യ പരിപാടികളിലൂടെ ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്നവരും ക്യാമ്പുകളിൽ വന്നുപോയിട്ടുണ്ട്. ഇത്തരം ക്യാമ്പുകളിൽ ചികിത്സ തേടുന്നത് ഇതുവരെ ചെയ്തുകൊണ്ടിരുന്ന അവരുടെ ചികിത്സയുടെ താളം തെറ്റുന്നതിന് ഇടയാക്കും. ഇത് ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് വിഘാതമാകുകയും ചെയ്യുമെന്ന് പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി.

പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ചവരുടെ ക്ഷേമത്തിനായി സർക്കാർ സംവിധാനങ്ങളോടൊപ്പംനിന്നു പ്രവർത്തിച്ച എല്ലാ വ്യക്തികളോടും സംഘടനകളോടും സ്ഥാപനങ്ങളോടും ആരോഗ്യവകുപ്പ് നന്ദി അറിയിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താൻ സന്നദ്ധതയുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവർ എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കൺട്രോൾ റൂമുമായി ബന്ധപ്പെടണം. ഫോൺ: 9946992995.

### മത്സ്യത്തൊഴിലാളികളെ ആദരിച്ചു

**തോപ്പുംപടി:** പ്രളയക്കെടുതിയിൽ ജില്ലയിലെ രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ ചെല്ലാനത്തെ മത്സ്യത്തൊഴിലാളികളെ ആദരിച്ചു. ചെല്ലാനം കണ്ടക്കടവ് സംഘത്തിന്റെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനത്തിലേർപ്പെട്ട 130 മത്സ്യത്തൊഴിലാളികളെ ആദരിച്ചത്. ചെല്ലാനം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന ചടങ്ങ് കെ.വി. തോമസ് എംപി ഉദ്ഘാടനം ചെയ്തു.

കടലിലെ കരുത്ത് കരയിലും കാണിച്ചവരാണു മത്സ്യത്തൊഴിലാളികളെന്നും ഇവരുടെ സേവനം കൊണ്ടു നിരവധി ജീവനുകൾ രക്ഷിക്കാനായെന്നും കെ.വി. തോമസ് പറഞ്ഞു. സംഘം പ്രസിഡന്റ് പി.വി. വിൽസൺ അധ്യക്ഷത വഹിച്ചു. ടോണി ചമ്മണി, ഫാ. സാംസൺ ആഞ്ഞിലിപ്പറമ്പിൽ, ഫാ. അലക്സ് കൊച്ചിക്കാരൻ വീട്ടിൽ, ഫാ. സെബാസ്റ്റിൻ കരുമാഞ്ചേരി, കണ്ണമാലി എസ്ഐ ജിൻസൺ ഡൊമിനിക്, ഷിജി തയ്യിൽ, ജില്ലാ മത്സ്യഫെഡ് ഓഫീസർ പി.ഡി. ജോർജ്, ജോർജ് പള്ളിപ്പറമ്പിൽ, സൈജു, അനുപമ, എം.ആർ. അശോകൻ തുടങ്ങിയവർ പ്രസംഗിച്ചു.